# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1701 | 31.01.2018-ൽ മറുപടിയ്ക്ക് |
|---|---|
| **പ്ലാസ്റ്റിക് മാലിന്യം കുറയ്ക്കുന്നതിനായി റീ സൈക്ലിംഗ് യൂണിറ്റ്** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.രാജു എബ്രഹാം** | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |

| | | | |
|---|---|---|---|
| (എ) | പ്ലാസ്റ്റിക് ഉപഭോഗം വർധിക്കുന്നതു മൂലം കേരളത്തിലുണ്ടാകുന്ന സാമൂഹിക ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തുകയുണ്ടായിട്ടുണ്ടോ; പ്ലാസ്റ്റിക് ഉപഭോഗം കുറയ്ക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ആലോചിക്കുന്നുണ്ടോ; | (എ) | പ്രത്യേക പഠനം നടത്തിയിട്ടില്ല. പ്ലാസ്റ്റിക് അടക്കമുള്ള ഡിസ്പോസിബിൾ വസ്തുക്കളുടെ ഉപയോഗം പരമാവധി കുറയ്ക്കുക. പുനരുപയോഗിക്കുവാൻ കഴിയുന്ന വസ്തുക്കൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള ഗ്രീൻ പ്രോട്ടോകോൾ വ്യാപകമാക്കുവാനുള്ള പ്രവർത്തനങ്ങളും വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | പ്ലാസ്റ്റിക്ക് റീസൈക്കിൾ ചെയ്ത് വീണ്ടും ഉപയോഗിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ മേഖലയിൽ എന്തെങ്കിലും സംരംഭം നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്ലാസ്റ്റിക് മാലിന്യം കുറയ്ക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി റീസൈക്ലിംഗ് യൂണിറ്റ് നിർമ്മിക്കുന്നതിന് പുതിയ പദ്ധതി നടപ്പാക്കുമോ; | (ബി) | ഇല്ല. പ്ലാസ്റ്റിക് റീസൈക്കിൾ ചെയ്ത് പുനരുപയോഗിക്കുന്ന തരത്തിൽ പ്ലാസ്റ്റിക് റീസൈക്കിളിംഗ് യൂണിറ്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. |
| (സി) | റോഡ് ടാറിംഗ് ഉൾപ്പെടെയുള്ള വിവിധ മേഖലകളിൽ പ്ലാസ്റ്റിക് ഉപയോഗം നടപ്പാക്കുന്നത് സംബന്ധിച്ച് പഠനം നടത്തുമോ; എങ്കിൽ വ്യക്തമാക്കുമോ? | (സി) | പഠനങ്ങളുടെയും കേന്ദ്രചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ റോഡ് ടാറിങ്ങിന് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ മേഖലകളിൽ പ്ലാസ്റ്റിക് ഉപയോഗം നടപ്പാക്കുന്നത് സംബന്ധിച്ച് പുതിയ പഠനം നടത്തുന്ന കാര്യം പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ